LIBRARY ARCHIVES Kerala Legislative Assembly

ഫയർസ്റ്റേഷൻ ആരംഭിക്കാൻ നടപടി

132 (1067) ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഫയർസ്റ്റേഷൻ അനുവദിച്ചിട്ടുണ്ടെന്നും അവയിൽ ഏതെല്ലാം കേന്ദ്രങ്ങളുടെ പണി പൂർത്തിയാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

(ബി) കെട്ടിടത്തിന്റെയും മറ്റ് അടിസ്ഥാന സൗകര്യങ്ങളുടേയും പണി പൂർത്തിയാക്കിയ വർക്കല ഫയർസ്റ്റേഷനിൽ എത്ര ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(സി) കെട്ടിട നിർമ്മാണവും അതോടനുബന്ധിച്ച ജോലികളും പൂർത്തിയാക്കിയ കരാറുകാരന് നൽകേണ്ട തുക അടിയന്തിരമായി നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 10 എണ്ണം തുറന്ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) 37 പേരെ.

(സി) ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പട്ടിമറ്റത്ത് ഫയർസ്റ്റേഷൻ അനുവദിക്കുന്നതിനുള്ള നടപടി

133 (1068) ശ്രീ. എം. പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഒട്ടേറെ സ്ഥാപനങ്ങൾ ഉള്ളതും സമീപത്തെങ്ങും ഫയർസ്റ്റേഷൻ ഇല്ലാത്തതുമായ കുന്നത്തുനാട് മണ്ഡലത്തിൽ 'പട്ടിമറ്റത്ത്' സൗജന്യമായി സ്ഥലം വിട്ടുകൊടുത്താൽ ഒരു ഫയർസ്റ്റേഷൻ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

മാവൂർപ്പാറ ഗുഹാക്ഷേത്രം

134 (1069) ശ്രീ. കെ. പി. എ. മജീദ് :

ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1965 -ൽ പുരാവസ്തു സംരക്ഷണ നിയമപ്രകാരം സർക്കാർ ഏറ്റെടുത്ത് പരിപാലിച്ചുവരുന്നതും സംസ്ഥാനപുരാവസ്തു വകുപ്പ് സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചിട്ടുള്ളതുമായ മാവൂർപ്പാറ ഗുഹാക്ഷേത്രവും പാറയും റവന്യൂ അധികൃതർ ഒരു സ്വകാര്യ വ്യക്തിയ്ക്ക് പതിച്ചു നൽകിയിട്ടുള്ളതായും എല്ലാ സർക്കാർ ഉത്തരവുകളും ലംഘിച്ച് പ്രസ്തുത സ്മാരകത്തിന്റെ ഘടനയ്ക്ക് കേടുവരുന്ന രീതിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിട്ടുള്ള വിവരം ആഭ്യന്തര വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;